പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1693. 14.08.2017 ൽ മറുപടിക്ക്

## വനക്രൈ എന്ന മാൽവെയർ

**ചോദ്യം** **മറുപടി**

ശ്രീ.പി.കെ. ശശി :

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) വനക്രൈ എന്ന മാൽവെയർ കമ്പ്യൂട്ടറുകളെ നിശ്ചലമാക്കി യതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ/സ്വകാര്യമേഖല കളെ ഇത് ബാധിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(എ) വനക്രൈ എന്ന റാൻസംവെയർ കേരളത്തിലെ ചില പഞ്ചായത്തുകളിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പഞ്ചായത്തുകളിലെ സൈബർ ആക്രമണമുണ്ടായ കമ്പ്യൂട്ടറുകളിലെ വിവരങ്ങൾ ബാക്കപ്പ് ചെയ്തു സൂക്ഷിച്ചതിനാൽ നഷ്ടമായില്ല.

| റാൻസംവെയർ ബാധിച്ച സിസ്റ്റങ്ങളുടെ വിശദാംശങ്ങൾ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ഗ്രാമ പഞ്ചായത്തുകൾ | ജില്ല | കംപ്യൂട്ടർ | സെർവർ | ആകെ |
| 1 | തരിയോട് | വയനാട് | 3 | 1 | 4 |
| 2 | അരുവാപ്പുലം | പത്തനംതിട്ട | 1 | 0 | 1 |
| 3 | ഏനാദിമംഗലം | പത്തനംതിട്ട | 1 | 0 | 1 |
| 4 | തൃക്കോവിൽ വട്ടം | കൊല്ലം | 19 | 0 | 19 |
| 5 | അന്നമനട | തൃശ്ശൂർ | 2 | 1 | 3 |
| 6 | വരന്തരപ്പിള്ളി | തൃശ്ശൂർ | 1 | 0 | 1 |
| 7 | കുഴൂർ | തൃശ്ശൂർ | 5 | 0 | 5 |
| 8 | കരവാരം | തിരുവനന്തപുരം | 4 | 1 | 5 |
| | ആകെ | | 36 | 3 | 39 |

| | | | |
|---|---|---|---|
| (ബി) | നികുതിദായകൻ അറിയാതെ ആദായ നികുതി അക്കൗണ്ടിൽ നുഴഞ്ഞുകയറി ഈ-ഫയലിംഗ് നടത്തിയശേഷം റീഫണ്ട് ഇനത്തിൽ വൻതുക തട്ടിയെടുക്കുന്നതും യഥാസമയം ഈ-ഫയലിംഗ് നടത്താത്ത നികുതിദായകരുടെ പാസ് വേഡ് റീസെറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട്, ടെലിഫോൺ നമ്പർ, ഈ-മെയിൽ വിലാസം എന്നിവ മാറ്റി തട്ടിപ്പ് നടത്തുന്നതും സംബന്ധിച്ച് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇത്തരത്തിലുള്ള പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇത്തരം തട്ടിപ്പ് സംസ്ഥാന സൈബർ സെല്ലോ, ഐ ടി വകുപ്പുകളോ കണ്ടെത്തിയിട്ടുണ്ടോ ; | സി) & ഡി) | ഇല്ല. ഇത്തരം തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | ഇതു തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ